(എ) പഞ്ഞ മാസങ്ങളിൽ വില നിലവാരം പിടിച്ചു നിർത്തുന്നതിന് പൊതു വിതരണരംഗം ശക്തിപ്പെടുത്തുക, ബഫർ സ്റ്റോക്ക് കരുതുക എന്നിവയുൾപ്പെടെയുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട് കൂടാതെ വില നിലവാരം പിടിച്ചു നിർത്തുന്നതിന് നിലവിലുള്ള 664 മാവേലി സ്റ്റോറുകൾക്ക് പുറമേ പുതുതായി 126 മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് പുറമേ തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിൽപ്പരം റേഷൻ കടകൾ വഴിയും അവശ്യ സാധനങ്ങൾ ന്യായവിലക്ക് നൽകി വരുന്നു.

(ബി) റേഷൻ കടകൾവഴി ഇപ്പോൾ ആവശ്യാനുസരണം അരിയും ഗോതമ്പും നൽകി വരുന്നുണ്ട്. എങ്കിലും സംസ്ഥാനത്തിന്റെ വർദ്ധിച്ച ആവശ്യകത കണക്കിലെടുത്ത് ഭക്ഷ്യധാന്യവിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അവശ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിൽപ്പരം റേഷൻ കടകൾവഴി അവശ്യവസ്തുക്കൾ ന്യായമായ വിലയ്ക്ക് നൽകിവരുന്നു. നിലവിലുള്ള മാവേലി സ്റ്റോറുകൾക്കു പുറമെ പുതുതായി 126 മാവേലി സ്റ്റോറുകൾ കൂടി തുടങ്ങുന്നതും അവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടിയാണ്.

22 (*22) വിവിധ ചികിത്സാരീതികളുടെ ഏകോപനം

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. ബാലറാം :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യ ശുശ്രൂഷാ രംഗത്ത് അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി ഇവയെ സംയോജിപ്പിച്ചുകൊണ്ട് മാരക രോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്താനുള്ള പദ്ധതികളെന്തെങ്കിലും ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അലോപ്പതി ചികിത്സാരീതിക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഇന്നത്തെ സംവിധാനം തുടരാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അലോപ്പതി ചികിത്സാരീതിയിൽ ഫലപ്രദമായ ചികിത്സ ഇല്ലാത്ത പല മാരകരോഗങ്ങൾക്കും ആയുർവേദത്തിലും ഹോമിയോപ്പതിയിലും ഫലപ്രദമായ ചികിത്സയുണ്ടെന്ന വാദത്തെക്കുറിച്ച് ഗവൺമെന്റിന് അറിവുണ്ടോ;

(ഡി) ഇതേക്കുറിച്ച് അതാത് മേഖലയിലെ വിദഗ്ദ്ധരുടെ അഭിപ്രായം ശേഖരിച്ച് പരിശോധിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) അന്യമായിക്കൊണ്ടിരിക്കുന്ന പാരമ്പര്യചികിത്സാരീതികൾ പരിപോഷിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(എഫ്) എല്ലാ ചികിത്സാരീതികളും ഏകോപിപ്പിച്ച് പഠനഗവേഷണം നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ചികിത്സാരീതികൾക്കും അവയുടെ തനത് വ്യക്തിത്വം നിലനിർത്തിക്കൊണ്ട് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു സംവിധാനമാണ് ഇന്ന് നിലവിലുള്ളത്.

(സി) പല മാരകരോഗങ്ങൾക്കും അലോപ്പതിയിൽ ഫലപ്രദമായ ചികിത്സയുണ്ടെന്നതുപോലെതന്നെ ആയുർവേദ ശാസ്ത്രത്തിലും ഹോമിയോപ്പതിയിലും പല അപൂർവ്വ മരുന്നുകൾ പ്രതിപാദിക്കുന്നുണ്ട്.

(ഡി) ഇതിനുള്ള പ്രത്യേക സംവിധാനമൊന്നും ഇപ്പോൾ നിലവിലില്ല.

(ഇ) പാരമ്പര്യ ചികിത്സാരീതികളായ സിദ്ധ, യുനാനി, വിഷ, യോഗ തുടങ്ങിയവ പരിപോഷിപ്പിക്കുന്നതിനായി പ്രത്യേകം പദ്ധതികളും അവയ്ക്ക് ബഡ്ജറ്റിൽ തുകയും വകയിരുത്തിയിട്ടുണ്ട്.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

23 (*23) ഡിസ്പോസിബിൾ സിറിഞ്ചിന്റെ ഉപയോഗം

<u>ശ്രീ. കെ.എം. മാണി</u> :

<u>ശ്രീ. തോമസ് ചാഴികാടൻ</u> :

<u>ശ്രീ. സി.എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്പോസിബിൾ സിറിഞ്ച് ഉപയോഗത്തിന് ശേഷം ശേഖരിച്ച് വീണ്ടും വിപണിയിലെത്തിക്കുന്നത് മൂലം 'ഹെപ്പറ്റൈറ്റിസ് ബി' ഉൾപ്പെടെയുള്ള മാരകമായ രോഗങ്ങൾ വ്യാപകമാകാനിടയുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇത്തരം സിറിഞ്ചുകൾ ഉപയോഗത്തിന് ശേഷം നശിപ്പിച്ച് കളയുന്നതിനും വീണ്ടും ഉപയോഗിക്കപ്പെടാതിരിക്കാനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. എ.സി. ഷൺമുഖദാസ്</u>) :

(എ)&(ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഇന്റലിജൻസ് വിഭാഗം അന്വേഷണം നടത്തിയതിൽ ഉപയോഗിച്ച സിറിഞ്ചുകൾ ചിലർ നശിപ്പിക്കാതെ കളയാറുണ്ടെന്നും ഇവ പാഴായ പ്ലാസ്റ്റിക് ശേഖരിക്കുന്നവർ ശേഖരിച്ച് പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മിക്കുന്ന നിർമ്മാണശാലകൾക്ക് പെല്ലറ്റ് രൂപത്തിൽ നൽകാറുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഉപയോഗിച്ച സിറിഞ്ചുകൾ വീണ്ടും വിപണിയിലെത്തുന്നതായി തെളിവൊന്നും ഇല്ല എന്നാണ് ഡ്രഗ്സ് കൺട്രോളർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി) സ്റ്റെറിലൈസ് ചെയ്ത സിറിഞ്ചും നീഡിലുമാണ് ഇപ്പോൾ സർക്കാർ ആശുപത്രികളിൽ ഇൻജക്ഷൻ ചെയ്യാൻ ഉപയോഗിക്കുന്നത്. കുറഞ്ഞ തോതിൽ മാത്രമാണ് ഡിസ്പോസിബിൾ സിറിഞ്ചുകൾ സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കുന്നത്. ഉപയോഗിച്ച സിറിഞ്ചുകൾ കത്തിച്ചുകളയാറാണ് പതിവ്. മെഡിക്കൽ ഷോപ്പുകൾ വഴിയുള്ള വിൽപ്പന ഡ്രഗ്സ് ലൈസൻസ് വ്യവസ്ഥകൾ അനുസരിച്ച് നിയന്ത്രിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly